# മാനവീയം

# manaviyam

306.420
95483

സാംസ്കാരിക മിഷൻ
മാർഗ്ഗനിർദ്ദേശക രേഖ

# “മാനവീയം”

പുതിയ സഹസ്രാബ്ദത്തിന്ന് വരവേല്പ്

9328

PC Library & Research Center

സാംസ്കാരിക മിഷൻ മാർഗ്ഗനിർദ്ദേശക രേഖ

32/483/99—1

306.42095483

# "മാനവീയം"

## പുതിയ സഹസ്രാബ്ദത്തിന്ന് വരവേല്പ്

അവസാനിക്കാൻ പോകുന്ന ഒരു നൂറ്റാണ്ടിന്റെ അന്ത്യയാമങ്ങളിലല്ല, ആരംഭിക്കാനിരിക്കുന്ന ഒരു സഹസ്രാബ്ദത്തിന്റെ പടിവാതില്കലാണ് പ്രതീക്ഷാനിർഭരരായി നാം നില്ക്കുന്നത്. ആയിരം വർഷത്തിലൊരിക്കൽ വന്നു ചേരുന്ന ഒരു സുപ്രഭാതത്തെ കണി കാണാൻ കാത്തിരിക്കയാണ് നാം. മൂന്നാം സഹസ്രാബ്ദത്തിന്റെ പ്രാരംഭ ഘട്ടമായ ഇരുപത്തൊന്നാം നൂറ്റാണ്ട്, കാലയളവു കൊണ്ടല്ല, ആശാവഹമായ സംഭവങ്ങളെക്കൊണ്ടും അനുഭവങ്ങളെക്കൊണ്ടും ഒരു പുത്തൻ കാലഘട്ടത്തിനു നാന്ദി കുറിക്കുമെന്ന് നാം ആശിക്കുന്നു. സംഭവബഹുലമായ ഒരു നൂറ്റാണ്ടിനെ യാത്രയയ്ക്കുന്നതോടൊപ്പം മാനവരാശിയുടെ ഭാഗധേയം തിരുത്തിക്കുറിക്കാൻ പോന്ന ഒരു പുതിയ യുഗത്തിന്നു വരവേല്പുനല്കാൻ കേരളീയ സമൂഹം ഒന്നു ചേർന്നു നടത്തുന്ന തയ്യാറെടുപ്പാണ് "മാനവീയം."

സാമ്പത്തിക സാമൂഹിക ശാസ്ത്ര സാങ്കേതിക രംഗങ്ങളിലെ പുരോഗതിയിലൂടെ ജീവിതത്തിലെ ദുരിതങ്ങളും ചൂഷണവും അവസാനിപ്പിച്ച്, സമൃദ്ധിയിലും അവസര സമത്വത്തിലും ജനാധിപത്യത്തിലും അടിയുറച്ച ശോഭനമായ ഒരു കാലഘട്ടമായാണ് നാം പുതിയ നൂറ്റാണ്ടിനേയും സഹസ്രാബ്ദത്തേയും വിഭാവനം ചെയ്യുന്നത്. ഒന്നിനു പിറകെ മറ്റൊന്നായി കടന്നുപോകുന്ന വർഷങ്ങളെയല്ല, വ്യക്തിയുടേയും സമൂഹത്തിന്റേയും ഇച്ഛാശക്തിയിൽക്കൂടിയും അധ്വാനത്തിൽക്കൂടിയും രൂപം കൊള്ളുന്ന സംഭവ പരമ്പരകളാണ് പിറക്കാനിരിക്കുന്ന കാലഘട്ടത്തിൽ നിന്ന് നാം പ്രതീക്ഷിക്കുന്നത്.

കേരളപ്പിറവി ദിനമായ നവമ്പർ 1 ന് ആരംഭിച്ച് 2001 ജനുവരി 26 ന് സമാപിക്കുന്ന "മാനവീയം സാംസ്കാരിക മിഷൻ" പരിപാടിക്കാലത്ത് സമൂഹത്തിന്റെ സാംസ്കാരികവും വികസനപരവുമായ മുഴുവൻ കഴിവുകളേയും കണ്ടെത്തി കർമ്മ ക്ഷമമാക്കാനുതകുന്ന ഒട്ടനേകം പ്രവർത്തനങ്ങൾ കേരളത്തിലെമ്പാടും സംഘടിപ്പിക്കണം. സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ ആരംഭിക്കുന്ന മാനവീയം സാംസ്കാരിക മിഷനിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഗവണ്മെന്റിതര സാമൂഹ്യ സാംസ്കാരിക സംഘടനകൾ, മാധ്യമങ്ങൾ, വിദ്യാലയങ്ങൾ, വ്യക്തികൾ എന്നിങ്ങനെ മുഴുവൻ സമൂഹവും പങ്കു

ചേരണം. ഇവരുടെയെല്ലാം സജീവ പങ്കാളിത്തത്തോടെ നടക്കുന്ന നിർമ്മാണ പരവും കായിക-കലാ-സാംസ്കാരിക സംബന്ധിയുമായ അനേകം പ്രവർത്തനങ്ങളിൽക്കൂടിയും പരിപാടികളിൽക്കൂടിയുമായിരിക്കും കേരളം പുതിയ സഹസ്രാബ്ദത്തിന്നു സ്വാഗതമരുളുക. ഇതിന്നായി, മറ്റു പരിഗണനകരംക്കപ്പുറം, കേരളീയരെന്ന നിലയിൽ നാം നടത്താനുദ്ദേശിക്കുന്ന ഈ ബൃഹത് പരിപാടിയെ, അതിന്റെ സാമൂഹികവും ചരിത്രപരവുമായ പശ്ചാത്തലത്തിൽ മനസ്സിലാക്കുകയും വിലയിരുത്തുകയും വേണം.

സാമൂഹികവും സാംസ്കാരികവുമായി പരിഗണനയർഹിക്കുന്ന എല്ലാ രംഗത്തുമുള്ള പ്രവർത്തനങ്ങളേയും, അവയുടെ പ്രാഥമിക തലത്തിൽ നിന്നു തന്നെ വളർത്തിക്കൊണ്ടുവരികയും ഏകോപിപ്പിക്കുകയും ചെയ്യുന്ന മാനവീയം സാംസ്കാരിക മിഷൻ വളരെ വിപുലവും വിശാലവുമായ ലക്ഷ്യങ്ങളാണ് ചുരുങ്ങിയ കാലം കൊണ്ടു കൈവരിക്കാനുദ്ദേശിക്കുന്നത്. സംസ്ഥാന ഗവണ്മെണ്ടിന്റെ പൊതുവിലുള്ള നേതൃത്വത്തിന്നും നിർദ്ദേശങ്ങരംക്കും വിധേയമായി മുഴുവൻ സ്ഥാപനങ്ങളും സംഘടനകളും വിഭാഗങ്ങളും ഒത്തുചേർന്നു പ്രവർത്തിച്ചാലേ താഴെപ്പറയുന്ന ലക്ഷ്യങ്ങരം നേടിയെടുക്കാനാവൂ.

## 2. ഉദ്ദേശ്യ ലക്ഷ്യങ്ങരം:

1. നൂറ്റാണ്ടുകളായി കേരളത്തിലും ഇന്ത്യയിലും ലോകത്തും കലാ സാഹിത്യമേഖലയിലും മൊത്തത്തിൽ സാംസ്കാരിക രംഗത്തും കൈവന്നിട്ടുള്ള മികച്ച നേട്ടങ്ങരം കേരളീയരെ പരിചയപ്പെടുത്തുക. അവയിലെ അനുകരണീയമായ അംശങ്ങരം സ്വാംശീകരിക്കാനുമുള്ള അവസരമുണ്ടാക്കുക. സംഗീതം, ചിത്രകല, നൃത്തം, നാടകം, ശില്പം, സിനിമ, സ്പോർട്ട്സ് തുടങ്ങിയവയെല്ലാം ഇതിന്റെ പരിധിയിൽ വരും.

2. കേരളത്തിന്റെ സാംസ്കാരിക പാരമ്പര്യം, ആചാര ക്രമങ്ങരം, കലാരൂപങ്ങരം എന്നിവ ക്രിയാത്മകമായി വിലയിരുത്താനുള്ള സംവാദങ്ങരംക്കും ചർച്ചയ്ക്കും അവസരങ്ങരം ഒരുക്കുന്നതുവഴി സാംസ്കാരിക മേഖലയ്ക്കും സാംസ്കാരിക മൂല്യങ്ങരംക്കും അതിലടിയുറച്ച പൗരബോധത്തിന്നും ദേശീയവും സാർവ്വദേശീയവുമായ പശ്ചാത്തലത്തിൽ ഉണർ

വും ഉത്തേജനവും നല്കുക. യുക്തിചിന്തയും ശാസ്ത്രബോധവും പുതിയ പ്രവൃത്തി സംസ്കാരവും വളർത്തുക. അഴിമതി, ക്രിമിനൽവല്ക്കരണം, സ്ത്രീപീഢനം, മദ്യാസക്തി, മയക്കുമരുന്ന്, പ്രകൃതിനശീകരണം, അരാജകപ്രവണതകൾ എന്നിവയ്ക്കെതിരായ അവബോധം വളർത്തുക.

3. നാട്ടിലെ പണിയെടുക്കുന്ന വിഭാഗങ്ങൾ വളർത്തിയെടുത്ത നാടൻ കലാരൂപങ്ങളിലാണ് കേരളീയത്തനിമ അതിന്റെ കലർപ്പറ്റ രൂപത്തിൽ നിലനില്ക്കുന്നത്. ഓരോ പ്രദേശത്തിനും, ജനവിഭാഗത്തിനും പ്രത്യേകം പ്രത്യേകമായുള്ള ഈ കലാരൂപങ്ങൾ ഏതൊക്കെയാണെന്നും അവയുടെ സവിശേഷതകൾ എന്തൊക്കെയാണെന്നും തിരിച്ചറിയാൻ കഴിയാത്ത മട്ടിൽ അവഗണിക്കപ്പെട്ടു കിടക്കുകയാണ്. ഈ കലാരൂപങ്ങൾ ഏതൊക്കെയാണെന്നു കണ്ടെത്തി അവയ്ക്ക് പുനരുജ്ജീവനവും പ്രോത്സാഹനവും നല്കുക.

4. സാധ്യമായ എല്ലാ സാഹചര്യങ്ങളും സൗകര്യങ്ങളുമുപയോഗപ്പെടുത്തി നമ്മുടെ വിവിധ കലാരൂപങ്ങൾ പരിശീലിക്കാനും ആസ്വദിക്കാനുമുള്ള പരിശീലനം യുവതലമുറയ്ക്കു നല്കുക.

5. സ്പോർട്ട്സ് - ഗെയിംസ് വിഭാഗങ്ങളിൽ കുട്ടികൾക്കും യുവജനങ്ങൾക്കും ചിട്ടയായ പരിശീലന സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊണ്ട്, മറ്റുള്ളവരോടൊപ്പം നില്കാൻ കെല്പുള്ള കായിക നൈപുണ്യവും സ്പോർട്ട്സ് സംസ്കാരവും വളർത്താനുള്ള ഗൗരവ പൂർണ്ണമായ ശ്രമങ്ങൾ ആരംഭിക്കുക.

6. ഗ്രന്ഥശാലകൾ, നാടകവേദികൾ, കലാസമിതികൾ, സ്പോർട്ട്സ് ക്ലബ്ബുകൾ എന്നിവയ്ക്ക് കൂടുതൽ പ്രോത്സാഹനം നല്കിക്കൊണ്ട് അവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുക. ഗായക സംഘങ്ങൾ തെരുവു നാടക സംഘങ്ങൾ എന്നിവ ഗ്രാമങ്ങളിൽ സംഘടിപ്പിക്കാൻ സഹായം നൽകുക.

7. രാജാക്കന്മാരുടേയും ഭരണാധികാരികളുടേയും വെട്ടിപ്പിടുത്തങ്ങൾക്കും പരാക്രമങ്ങൾക്കുമപ്പുറം, യഥാർത്ഥ ചരിത്രം കാലഘട്ടങ്ങളിൽക്കൂടി ജനസമൂഹം വളർന്നുവന്നതിന്റെ കഥയാണ്. ഒരു പ്രദേശത്തിന്നും,

ഒരോ പഞ്ചായത്തിന്നും അതിന്റെ സ്വന്തമായ ചരിത്ര പാരമ്പര്യമുണ്ടായിരിക്കും. അവയിൽ ഏറിയ പങ്കും രേഖപ്പെടുത്തിയിട്ടില്ലാത്തവയാണ്. പ്രാദേശിക ചരിത്രവും പാരമ്പര്യങ്ങളും അന്വേഷിച്ചറിയാനും രേഖപ്പെടുത്താനുമുള്ള ഒരു പദ്ധതിയാരംഭിക്കുക. പ്രാദേശികമായ ചരിത്ര സാംസ്കാരിക സ്മാരകങ്ങൾ കണ്ടെത്തുന്നതോടൊപ്പം അവയുടെ പരിരക്ഷയ്ക്കായി പരിശ്രമിക്കുക. പഞ്ചായത്തു തലത്തിൽ, ചരിത്ര - സാംസ്കാരിക മ്യൂസിയങ്ങൾ ആരംഭിക്കുക.

8. ഭരണഘടനയിൽ എഴുതിവെച്ചിട്ടുണ്ടെന്നതല്ലാതെ, ഇന്നും നമ്മുടെ നാട്ടിൽ സ്ത്രീ പുരുഷ സമത്വം ഒരു യാഥാർത്ഥ്യമായിക്കഴിഞ്ഞിട്ടില്ല. നാടുവാഴി സംസ്കാരത്തിന്റെ അവശിഷ്ടങ്ങൾ സ്ത്രീ പുരുഷ ബന്ധങ്ങളിൽ ഇന്നും അവശേഷിക്കുന്നു. സാമ്പത്തിക - സാമൂഹ്യ തലങ്ങളിൽ സ്ത്രീകൾ അവഗണിക്കപ്പെടുകയും പലപ്പോഴും അവഹേളിക്കപ്പെടുകയും ചെയ്യുന്നു. ഏതെല്ലാം സാഹചര്യങ്ങളിൽ ഏതെല്ലാം തലത്തിലാണ് സ്ത്രീ പുരുഷ അസമത്വം നിലനില്ക്കുന്നതെന്ന് പരിശോധിക്കുകയും നമ്മുടെ ജനാധിപത്യ വ്യവസ്ഥയ്ക്കനുയോജ്യമായ വിധത്തിൽ സ്ത്രീകളുടെ പദവി ഉയർത്തി ശരിയായ രീതിയിൽ സ്ത്രീ പുരുഷ സമത്വം ഉറപ്പുവരുത്താനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുക.

9. സംസ്ഥാനത്തിന്റെ നാനാഭാഗങ്ങളിൽ ഒറ്റയ്ക്കൊറ്റയ്ക്ക് പ്രവർത്തിച്ചുവരുന്ന സ്പോർട്ട്സ് ക്ലബ്ബുകളും ആർട്ട് ക്ലബ്ബുകളുമുണ്ട്. ഇവയാണ് അനൗപചാരിക പ്രവർത്തനങ്ങളിൽക്കൂടി നമ്മുടെ കലാ - കായിക പ്രവർത്തനങ്ങളെ ജനകീയമാക്കുന്നത്. പുതിയ ആശയങ്ങളും പരിപാടികളും നല്കിക്കൊണ്ട് ഈ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ വൈവിദ്ധ്യപൂർണവും ചലനാത്മകവുമാക്കുന്നതോടൊപ്പം അവയെ ഏകോപിപ്പിക്കാനും ശ്രമിക്കുക.

10. മഹത്തായ ഒരു പരീക്ഷണമെന്ന നിലയിൽ ആരംഭിച്ച് ഇന്ന് സ്ഥാപനവല്ക്കരിക്കപ്പെട്ട ഒരു യാഥാർഥ്യമായി മാറിക്കഴിഞ്ഞ വികേന്ദ്രീകൃതവും ആസൂത്രിതവുമായ വികസന പ്രവർത്തനങ്ങൾക്ക് കൂടുതൽ സുതാര്യതയും സ്വാതന്ത്ര്യവും ജനപങ്കാളിത്തവും നല്കിക്കൊണ്ട് കൂടുതൽ ഉറച്ച അടിത്തറയുണ്ടാക്കുക.

## 3. പ്രവർത്തനങ്ങൾ:-

മാനവീയം സാംസ്കാരിക മിഷൻ പതിനഞ്ചു മാസക്കാലം കൊണ്ട് നേടാനുദ്ദേശിക്കുന്ന കാര്യങ്ങളാണ് പത്ത് ഉദ്ദേശ്യലക്ഷ്യങ്ങളെന്ന പേരിൽ മുകളിൽ സൂചിപ്പിച്ചത്. ലക്ഷക്കണക്കിനാളുകളുടെ അധ്വാനവും കോടിക്കണക്കിന് രൂപ വിലമതിക്കുന്ന വിഭവങ്ങളുമുണ്ടായാൽ മാത്രമേ, ഈ ലക്ഷ്യം സഫലമാക്കാനാകൂ. ഓരോ ലക്ഷ്യവും പൂർത്തീകരിക്കുന്നതിനാവശ്യമായ സംഘടനാ സംവിധാനവും പശ്ചാത്തല സജ്ജീകരണവും വിഭവങ്ങളും അതതു പ്രദേശത്തു നിന്നു തന്നെയുണ്ടാവണം. വിഭിന്ന മുഖങ്ങളിലായി നടന്നു വരുന്ന വിവിധ പ്രവർത്തനങ്ങൾ വിലയിരുത്തുകയും മാനവീയത്തിന്റെ വിശാല പരിധിക്കുള്ളിൽ അവയെ ഏകാപിപ്പിക്കുകയും വേണം. കേന്ദ്രീകൃതമായി നടത്തുന്ന ഏതാനും പ്രവർത്തനങ്ങളൊഴിച്ചാൽ ബാക്കിയെല്ലാം നഗരസഭകളുടേയും ത്രിതല പഞ്ചായത്തിന്റേയും പ്രവർത്തന പരിധിയ്ക്കകത്തു വരുന്നവയാകുന്നു. തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ തങ്ങളുടെ അധികാര പരിധിയിൽ വരുന്ന മുഴുവൻ ഔദ്യോഗിക - അനൗദ്യോഗിക സംഘടനകളുടേയും വ്യക്തികളുടേയും സ്ഥാപനങ്ങളുടേയും കൂട്ടായ്മയിലാണ് ഈ പരിപാടികൾ നടക്കുക. അതേ സമയം ഇതുമായി ബന്ധപ്പെടുന്ന സ്ഥാപനത്തിന്നു - / സംഘടനാ പരിപാടിയാൽ അതിന്റേതായ തനിമ ഉൾക്കൊള്ളിക്കാൻ സ്വാതന്ത്ര്യമുണ്ടായിരിക്കുകയും വേണം.

പ്രത്യേകമായി രൂപകല്പന ചെയ്ത ഒരു പൊതു പരിപാടിക്കു വിധേയമായിക്കൊണ്ടല്ലാതെ, ഇപ്പോൾത്തന്നെ വിവിധ ഏജൻസികളുടെ വകയായി ധാരാളം സാംസ്കാരിക പ്രവർത്തനങ്ങളും കായിക വിനോദങ്ങളും അരങ്ങേറി വരുന്നുണ്ട്. **ചെറിയ ഒരു ഭേദഗതി വരുത്തിയാൽ ഇവയെല്ലാം മാനവീയം പരിപാടിയുടെ കൂടി ഭാഗമാക്കി മാറ്റാം.** ഗ്രാമ സഭകളിൽ നടക്കുന്ന വികസന പ്രവർത്തനങ്ങൾ മുതൽ കലാകായിക മത്സരങ്ങളും നാടൻ കലാരൂപങ്ങളുടെ അവതരണവും വരെ മാനവീയം എന്ന ചരടിൽ കോർത്തിണക്കാൻ കഴിയും. സംസ്ഥാനതലം മുതൽ താഴോട്ട് ഓരോ വകുപ്പും സ്ഥാപനവും ഇത്തരം പരിപാടികളുടെ ഒരു കലണ്ടർ തയ്യാറാക്കണം.മൊത്തത്തിലുള്ള പ്രവർത്തനങ്ങൾ താഴെപ്പറയും വിധം ചിട്ടപ്പെടുത്താം:-

1. 1999 നവമ്പർ ഒന്നിനാണ് മാനവീയത്തിന്റെ ഉൽഘാടനം കേരളപ്പിറവി ദിനത്തിൽ കേന്ദ്രീകൃതമായി ഈ ഉൽഘാടന പരിപാടി, ടെലിവിഷനി

ലെ തത്സമയ പ്രക്ഷേപണം വഴി കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും കാണാൻ സൗകര്യമുണ്ടാക്കും. ചുരുങ്ങിയത് അമ്പതു ലക്ഷം ജനങ്ങളെങ്കിലും ഈ ഉൽഘാടന പരിപാടിക്കു സാക്ഷ്യം വഹിക്കണമെന്നാണുദ്ദേശിക്കുന്നത്. കേന്ദ്രീകൃത പരിപാടികളുടെ കാഴ്ചക്കാരെന്ന നിലയ്ക്കു മാത്രമല്ല, തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളും ഇതര സ്ഥാപനങ്ങളും മാനവീയത്തിന്റെ ഔപചാരികമായ ഉൽഘാടനം അന്നേ ദിവസം നിർവ്വഹിക്കണം. തങ്ങളുടേതായ സാംസ്കാരിക - വികസന പരിപാടികൾ അവതരിപ്പിച്ചു കൊണ്ടും മാനവീയത്തിന്റെ സന്ദേശം ജനങ്ങളിലെത്തിക്കാനുതകുന്ന പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടും വേണം ഉൽഘാടനം. **സ്കൂളുകൾ, കോളേജുകൾ, സാങ്കേതിക സ്ഥാപനങ്ങൾ അനൗപചാരിക സംഘടനകൾ, സർക്കാർ, അർദ്ധസർക്കാർ ഓഫീസുകൾ, ഗ്രാമ സഭകൾ, കലാസമിതികൾ എന്നിവയ്ക്കുപോലും അന്നേ ദിവസം സ്വന്തമായ എന്തെങ്കിലും സാംസ്കാരിക പരിപാടി ഉണ്ടായിരിക്കണം. നവമ്പർ 1 നു വൈകുന്നേരം സ്ഥാപനങ്ങൾ മാത്രമല്ല, കേരളത്തിലെ മുഴുവൻ വീടുകളും തങ്ങളുടേതായ രീതിയിലുള്ള ദീപക്കാഴ്ച കൊണ്ട് മാനവീയത്തിന്നെതിരേല്പു നല്കണം. ആകാശത്തു നിന്നു നോക്കിയാൽ കേരളം താഴെയുള്ള മറ്റൊരു നക്ഷത്ര മണ്ഡലമായിത്തോന്നണം.**

2. 12000 സ്കൂളുകളിലും മറ്റു സ്ഥാപനങ്ങളിലുമായി അറുപതു ലക്ഷത്തിൽപ്പരം വിദ്യാർത്ഥികൾ കേരളത്തിലുണ്ട്. ഓരോ വിദ്യാലയവും അതിന്റേതായ ഒരു ഗായക സംഘ രൂപീകരണം. ഓരോ പഞ്ചായത്തിലേയും വിദ്യാർഥികൾ ചേർന്ന് കുട്ടികളുടേതായ ഒരു സാംസ്കാരികോത്സവവും കലാപരിപാടികളും സംഘടിപ്പിക്കണം. വിദ്യാഭ്യാസ ജില്ലാടിസ്ഥാനത്തിൽ പതിവു പരിപാടികൾക്കുപുറമെ കുട്ടികളിൽ സാഹിത്യ - കലാവാസന വളർത്താൻ രചനാ ശില്പ ശാലകളും സാഹിത്യോത്സവങ്ങളും നടത്തണം. കുട്ടികളിൽ വായനാശീലം വളർത്താനുള്ള പ്രത്യേക പരിപാടികളും സ്കൂൾ തലത്തിൽത്തന്നെ ആരംഭിക്കണം.

3. മാനവീയത്തിന്റെ ഔപചാരികമായ ഉൽഘാടനത്തിന്നുശേഷം നടക്കുന്ന സംസ്ഥാന ചലച്ചിത്രോത്സവം, കേരളീയം, സ്വാതി സംഗീതോത്സവം, മലബാർ മഹോത്സവം, മറ്റ് കലാ സാംസ്കാരിക സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ നടക്കുന്ന പരിപാടികൾ ഇവയെല്ലാം മാനവീയത്തിന്റെ കൂടി ഭാഗമായി വരുന്ന വിധം ചിട്ടപ്പെടുത്തിയെടുക്കാനാവും. ഇതു

പോലെ തന്നെ, സ്കൂൾ യുവജനോത്സവങ്ങൾ, സാംസ്കാരികോത്സവങ്ങൾ, യൂണിവേഴ്സിറ്റി കലോത്സവങ്ങൾ എന്നിവയും മാനവീയത്തിന്റെ കൂടി ഭാഗമാക്കി മാറ്റാനാവും വിധം ലക്ഷ്യബോധത്തോടും സമയബന്ധിതമായും ചിട്ടപ്പെടുത്തി അവതരിപ്പിക്കാവുന്നതാണ്. ഒരു ചടങ്ങെന്നതിന്നപ്പുറം യുവജനങ്ങളുടെ ആവേശകരമായ ഒത്തുകൂടലായി കേരളോത്സവ പരിപാടിയെ റിവൈറ്റലൈസ് ചെയ്യുകയും മാനവീയത്തിന്റെ മുഖ്യധാരയിലൊരിനമായി വളർത്തിയെടുക്കുകയും വേണം.

4. സ്പോർട്ട്സ് - ഗെയിംസ് വിഭാഗം ചെറുപ്പക്കാരുടെ ഹരമാണ്. ആ രംഗത്ത് ചെറുതും വലുതുമായ ഏറെ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെങ്കിലും പ്രാദേശിക പരിപാടികളിൽ നിന്നും മത്സരിച്ചു വന്നു വന്ന് സംസ്ഥാന തലത്തിൽ അത് **''ഓപ്പറേഷൻ ഒളിമ്പിയ'' എന്ന കായികോത്സവമാക്കി മാറ്റണം.**

5. പ്രാദേശിക ചരിത്രാന്വേഷണവും പഞ്ചായത്തു തലത്തിൽ മ്യൂസിയങ്ങളുടെ സ്ഥാപനവും നടന്നതിനുശേഷം, അതിനെ കുറേക്കൂടി ശാസ്ത്രീയവും ചിട്ടയുള്ളതുമാക്കി പഞ്ചായത്തു തലത്തിലെ മെച്ചപ്പെട്ട ഇനങ്ങൾ തെരഞ്ഞെടുത്തുൾപ്പെടുത്തിക്കൊണ്ട് ജില്ലാ കേന്ദ്രങ്ങളിൽ ചരിത്രം, വികസനം എന്നീ ഭാഗങ്ങൾ ഉൾക്കൊള്ളുന്ന ഒരു പ്രദർശനം സംഘടിപ്പിക്കണം. ജില്ലാ പഞ്ചായത്തിന്റെ ഉത്തരവാദിത്വത്തിൽ നടക്കേണ്ട ഈ പരിപാടി ഒരു വമ്പിച്ച പൊതുജന വിദ്യാഭ്യാസ പരിപാടിയും ബോധവല്കരണ പ്രവർത്തനവുമായി മാറും. ഇപ്രകാരം പ്രദർശനങ്ങൾ സംഘടിക്കുമ്പോൾ ഒരേ യൂനിറ്റിനു തന്നെ അനേകം കേന്ദ്രങ്ങളിൽ പ്രദർശിപ്പിക്കപ്പെടാൻ കഴിയുന്നവിധം സൗകര്യപ്പെടുത്തിയായിരിക്കണം പ്രാരംഭത്തിലേ അതിന്റെ സംവിധാനം.

6. 1999 ഡിസമ്പർ 31 രാത്രി, പുതിയ നൂറ്റാണ്ടിനെ, പുതിയ സഹസ്രാബ്ദത്തെ എതിരേല്കാനുള്ള രാത്രിയായിരിക്കണം. ജനാധിപത്യത്തിന്റേയും വികസനത്തിന്റേയും സാംസ്കാരിക നവോത്ഥാനത്തിന്റേതുമായ ഒരു പുതിയ യുഗത്തെ സ്വാഗതം ചെയ്യാൻ കേരളീയരെല്ലാം ഉണർന്നിരിക്കണം. സാധ്യമായ എല്ലാ കലാപരിപാടികളും ആവിഷ്കരിച്ചുകൊണ്ടും അവതരിപ്പിച്ചുകൊണ്ടുമായിരിക്കണം ഈ സ്വാഗതമരുളൽ. പുതിയ സഹസ്രാബ്ദത്തെ ഏതെല്ലാം പരിപാടികളിൽക്കൂടി എതിരേല്ക്ക

ണം എന്നതിന്റെക്കുറിച്ചുള്ള പ്ലാനും തയ്യാറെടുപ്പും ആദിവാസിക്കോളനികരം മുതൽ തലസ്ഥാന നഗരി വരെ എല്ലാ സ്ഥലങ്ങളും നേരത്തെത്തന്നെ ഉണ്ടാക്കേണ്ടതാണ്. ഓർക്കുക: അതൊരു ചടങ്ങല്ല, ആത്മാർത്ഥവും ഗൗരവപൂർണവും പ്രതീക്ഷനാ നിർഭരവുമായ സ്വാഗതമായിരിക്കണം.

7. കേരളത്തിലുള്ള സാധ്യതകരം പരമാവധി വളർത്തുകയും പ്രയോജനപ്പെടുത്തുകയും ചെയ്യുന്നതോടൊപ്പം ഇന്ത്യയിലും, ഇന്ത്യയ്ക്കു പുറത്തും നിന്നു പേരുകേട്ട കലാകാരന്മാരേയും സാഹിത്യ കാരന്മാരേയും കലാസംഘങ്ങളേയും ക്ഷണിച്ചു വരുത്തി സംസ്ഥാനത്തിന്റെ നാനാഭാഗങ്ങളിൽ പരിപാടികരം അവതരിപ്പിക്കുന്നതാണ്.

1999 നവമ്പർ 1 മുതൽ 2001 ജനുവരി 26 വരെയുള്ള കാലയളവിൽ നാം നടത്താനുദ്ദേശിക്കുന്ന വിവിധ പ്രവർത്തനങ്ങരം നിർമാണപരവും സാംസ്കാരികവുമായിരിക്കണം - വ്യക്തമായ ഒരു കാഴ്ചപ്പാടും, പരിപാടിയും കാലേക്കൂട്ടി തയ്യാറാക്കി, അവ നടപ്പിലാക്കാനുള്ള തയ്യാറെടുപ്പുകരം വിഭിന്ന തലങ്ങളിലും സംഘങ്ങളിലും നടന്നാൽ മാത്രമേ ''മാനവീയം'' എന്ന മഹത്തായ സ്വപ്നം സഫലമാകൂ. ഇതിനു സഹായകമാംവണ്ണം നാം നടത്താനുദ്ദേശിക്കുന്ന സാംസ്കാരിക - കലാ - കായിക പ്രവർത്തനങ്ങളുടെ ഒരു കലണ്ടർ സംസ്ഥാന തലത്തിലും, ജില്ലാ - ബ്ലോക്ക് - പഞ്ചായത്ത് തലങ്ങളിലും തയ്യാറാക്കേണ്ടതാണ്. ഒക്ടോബർ അവസാനത്തോടെ എല്ലാ തലത്തിലും ഇത്തരം കലണ്ടറിന്ന് - പ്രവർത്തന പരിപാടിക്ക് - മൂർത്ത രൂപം നല്കാൻ കഴിയേണ്ടിയിരിക്കുന്നു.

8. സാംസ്കാരികവകുപ്പിന്റെ നേതൃത്വത്തിലുള്ള സ്ഥാപനങ്ങളെല്ലാം മാനവീയത്തോടനുബന്ധിച്ച് അവയുടെ തനതു പരിപാടികരം ആവിഷ്കരിക്കണം. അക്കാദമികരം, ഇൻസ്റ്റിറ്റ്യൂട്ടുകരം, സ്മാരകങ്ങരം, ഫിലിം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ, കേരള കലാ മണ്ഡലം, ചലച്ചിത്ര അക്കാദമി, സ്പോർട്ട് കൗൺസിൽ, മ്യൂസിയങ്ങരം എന്നിവ മാനവിയത്തിന്റെ ഭാഗമായി തനതുപരിപാടികരം ആവിഷ്കരിക്കുന്നതോടൊപ്പം, അവയുമായി ബന്ധപ്പെട്ട മറ്റു സ്ഥാപനങ്ങരംക്കും സംഘടനകരംക്കും ആവശ്യമായ സാങ്കേതിക സഹായം നല്കാനും തയ്യാറാകണം. ഉദാഹരണമായി നാട്ടിലെമ്പാടുമുള്ള കലാസമിതികളേയും സ്പോർട്സ്

ക്ലബ്ബുകളേയും പരിപാടികൾ നല്കി, പ്രവർത്തന സന്നദ്ധമാക്കാൻ സാംസ്കാരിക സ്ഥാപനങ്ങൾക്കു കഴിയും. കേന്ദ്ര അക്കാദമികൾക്കും ICCR നും മാനവീയത്തിന്റെ വിജയത്തിൽ സഹായിക്കാനാകും.

9. ഒമ്പതാം പദ്ധതിയുടെ നാലാം വർഷ പരിപാടികൾക്കു രൂപം നല്കുമ്പോൾ, ഗ്രാമ പഞ്ചായത്തു മുതല്ക്കുള്ള ഒരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും പ്രധാനപ്പെട്ട ഒന്നോ രണ്ടോ സാംസ്കാരിക പ്രവർത്തനങ്ങളെങ്കിലും ഏറ്റെടുത്തു വിജയിപ്പിക്കാനുള്ള പ്രോജക്റ്റുകൾ തയ്യാറാക്കണം. ഈ പ്രോജക്റ്റുകൾ അതതു പ്രദേശത്തിന്റെ ആവശ്യത്തിന്നും സാംസ്കാരികത്തനിമയ്ക്കും യോജിച്ചതായിരിക്കണമെന്നു പറയേണ്ടതില്ലല്ലൊ. **ഓരോ ജില്ലാ ആസ്ഥാനത്തും, നാം പുതിയ സഹസ്രാബ്ദത്തെ സ്വാഗതം ചെയ്യുന്നതിന്റെ സ്മാരകമെന്നോണം സ്ഥിരമായി നിലനില്കുന്നതും, അനന്തര തലമുറയ്ക്ക് സാംസ്കാരിക പ്രവർത്തനങ്ങൾക്കുപയോഗിക്കാൻ കഴിയുന്നതും പുതുമയാർന്നതുമായ ഓരോ സ്ഥാപനമെങ്കിലും നിർമിക്കപ്പെടേണ്ടതാണ്.** ജില്ലാ പഞ്ചായത്ത്, ജില്ലാ ആസ്ഥാനമായ മുനിസിപ്പാലിറ്റി / കോർപ്പറേഷൻ എന്നിവയുടെ സുയക്ത സംരംഭമായിട്ടാണ് ഇത് സാക്ഷാത്ക്കരിക്കപ്പെടേണ്ടത്. ഇപ്രകാരം ഉയർന്നുവരേണ്ട സ്ഥാപനങ്ങളും അവയുടെ തനിമയിലും പ്രയോജനപരതയിലും വൈവിദ്ധ്യം നിലനിർത്തണം. ഇതിന്നായി ഓരോ ജില്ലാ ആസ്ഥാനത്തിലും ഏതു തരം സ്ഥാപനമാണുണ്ടാകേണ്ടത് എന്നതിനെക്കുറിച്ച് കേന്ദ്രീകൃതമായ ഒരു ചർച്ചയും ധാരണയും ഉണ്ടാവുന്നത് ആവശ്യമാണ്. ഈ പരിപാടി യാഥാർഥ്യമായാൽ നമുക്ക് 14 വിഭിന്ന സാംസ്കാരിക പ്രവർത്തനങ്ങൾക്കായുള്ള 14 സ്ഥാപനങ്ങൾ മാനവീയത്തിന്റെ ഭാഗമായി കേരളത്തിലുണ്ടാകും. ഇതിനു പുറമെ ബ്ലോക്ക് പഞ്ചായത്തുകളുടെതായി വേറെയും സ്ഥാപനങ്ങൾ നിർമ്മിക്കുന്നതിനെക്കുറിച്ച് ആലോചിക്കാം.

മാനവീയം സാംസ്കാരിക മിഷനോടനുബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രോജക്റ്റുകൾ തയ്യാറാക്കുമ്പോൾ, താഴെപ്പറയുന്ന സംഗതികൾ പരിഗണനയിലെടുക്കണം:

(a) പ്രാദേശിക സാംസ്കാരിക മ്യൂസിയം, പ്രാദേശിക ചരിത്ര രചനാശില്പശാല, ഗ്രന്ഥശാലകളുടെ പ്രവർത്തനം മെച്ചപ്പെടുത്തലും പുതിയ ഗ്രന്ഥശാ

ലകഠ സ്ഥാപിക്കലും, കലാസമിതികഠക്ക് പ്രോത്സാഹനം നല്കൽ, കുട്ടികഠക്കായുള്ള സർഗവേദികഠ സ്ഥാപിച്ചു പ്രവർത്തിക്കൽ, സ്പോർട്ട്സ് ക്ലബ്ബുകഠ രൂപീകരിക്കൽ, പഞ്ചായത്തു തലത്തിൽ കായികമേളകളും, കലോത്സവങ്ങളും സാഹിത്യോത്സവങ്ങളും സംഘടിപ്പിക്കൽ തുടങ്ങിയവയെസ്സംബന്ധിച്ചുള്ളതാവാം ഗ്രാമപഞ്ചായത്തുകഠ ഏറ്റെടുക്കേണ്ട പ്രോജക്റ്റുകഠ. സാധ്യതയുള്ള പഞ്ചായത്തുകഠക്ക് കുറേക്കൂടി ഉയർന്ന തലത്തിലുള്ള പ്രോജക്റ്റുകഠ തയ്യാറാക്കാം.

(b) ഗ്രാമ പഞ്ചായത്തുകളുമായി ബന്ധമുള്ള പലതരം കലാ-സാംസ്കാരിക പ്രവർത്തനങ്ങഠക്കുവേണ്ട പരിശീലനകേന്ദ്രം സ്ഥാപിക്കൽ, നാടൻ കലകഠ, നൃത്തം, ഗാനം, നാടകം തുടങ്ങിയവയ്ക്കുള്ള കലാ ട്രൂപ്പുകഠ രൂപീകരിക്കൽ, ബ്ലോക്കടിസ്ഥാനത്തിൽ സാംസ്കാരികോത്സവം സംഘടിപ്പിക്കുക, ഇതിന്നായി വിദ്യാഭ്യാസ സ്ഥാപനങ്ങഠക്കും കലാ സമിതികഠക്കും സഹായം നല്കുക, തുടങ്ങിയവയാകാം ബ്ലോക്ക് പഞ്ചായത്ത് പരിഗണിക്കേണ്ട പ്രോജക്റ്റുകഠ.

(c) ചിത്രകല, ശില്പകല, ചരിത്ര സ്മാരകങ്ങഠ എന്നിവയുടെ പ്രദർശനങ്ങഠ സംഘടിപ്പിക്കുക, ജില്ലാ തലത്തിൽ വിപുലമായ സാംസ്കാരികോത്സവങ്ങഠ സംഘടിപ്പിക്കുക, പുതിയ സഹസ്രാബ്ദത്തെ സ്വാഗതം ചെയ്യുന്നതിന്റെ സ്മരണയ്ക്കായി സ്ഥാപനങ്ങഠ നിർമിക്കുക എന്നിവയായിരിക്കണം ജില്ലാ പഞ്ചായത്ത് മുൻഗണന നല്കേണ്ടത്. പ്രോജക്റ്റുകളായി ആർട് ഗാലറികഠ, കാർട്ടൂൺ മ്യൂസിയം, സ്ഥിരം നാടക തിയേറ്ററുകഠ, സാംസ്കാരിക സമുച്ചയ നിർമ്മാണം എന്നിവ ആലോചിക്കാവുന്നതാണ്.

(d) പ്രാദേശിക ചരിത്ര ശില്പശാല, പ്രാദേശിക ചരിത്ര മ്യൂസിയം, ഗ്രന്ഥശാലകഠ സജീവമാക്കുന്നതിന്നുള്ള പ്രവർത്തനങ്ങഠ, കലാസമിതികളും സ്പോർട്ട്സ് ക്ലബ്ബുകളും രൂപീകരിക്കൽ, കുട്ടികളുടെ സർഗാത്മക പ്രവർത്തനങ്ങഠക്കായുള്ള ആക്റ്റിവിറ്റി സെന്ററുകഠ സ്ഥാപിക്കൽ തുടങ്ങിയ മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ഏറ്റെടുക്കേണ്ട പ്രോജക്റ്റുകളാകുന്നു.

10. എന്നാൽ ത്രിതല പഞ്ചായത്തുകഠ പൊതുവെ പരിഗണിക്കേണ്ടതും, പ്രാധാന്യത്തോടെ ഏറ്റെടുത്തു നടത്തേണ്ടതുമായ ഒന്നാണ് പ്രാദേശിക ചരിത്ര - സാംസ്കാരിക സെമിനാർ. പ്രാദേശിക ചരിത്ര മ്യൂസിയം

സ്ഥാപിക്കൽ ഇതിന്റെ ഭാഗമായിക്കാണണം. വികേന്ദ്രീകൃത ആസൂത്രണ പരിപാടി ആരംഭിച്ച കാലത്ത് ലഭ്യമായ വസ്തുതകളും രേഖകളും വെച്ചുകൊണ്ട് കൂടുതൽ ശാസ്ത്രീയമായ അന്വേഷണങ്ങൾ നടത്തി പ്രാദേശിക ചരിത്ര രചന സംപുഷ്ടവും കുറ്റമറ്റതുമാക്കണം. പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും തയ്യാറാക്കിയ പ്രാദേശിക ചരിത്ര വസ്തുതകൾ ജില്ലാ ഗസറ്റിയർ, ജില്ലാ പ്ലാൻ എന്നിവ നിർമിക്കുന്നതിന്നായി ഉപയോഗപ്പെടുത്താം. ജില്ലാ ഗസറ്റിയറിന്റെ ചുമതല ഗസറ്റിയർ വകുപ്പും, പ്ലാനിങ്ങിന്റെ ചുമതല ജില്ലാ പ്ലാനിങ്ങ് കമ്മിറ്റിയും ഏറ്റെടുക്കണം.

11. ജനകീയാസൂത്രണ കാമ്പെയിന്റെ സമാപനമെന്ന നിലയിൽ കേരള സ്റ്റഡീസിന്റെ ഒരു ഇന്റർ നാഷണൽ കോൺഗ്രസ്സ് 2000 - ഡിസംബറിൽ മാനവീയത്തിന്റെ ഭാഗമായി സംഘടിപ്പിക്കാനുദ്ദേശിക്കുന്നു.

12. **ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ ഉറപ്പു വരുത്തുന്നതിൽ കേരളം ഇതിനകം കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ വിശ്വ പ്രസിദ്ധമാണ്. ഈ നേട്ടങ്ങൾ കൂടുതൽ സമഗ്രവും വ്യാപകവുമാക്കി കൊണ്ടായിരിക്കും മാനവീയം സമാപിക്കുക. ചില പ്രധാന ലക്ഷ്യങ്ങൾ താഴെ കൊടുക്കുന്നു.**

1. സമ്പൂർണ നിരക്ഷരതാ നിർമാർജനവും തുടർ വിദ്യാഭ്യാസവും.
2. സാർവ്വത്രികവും ഗുണനിലവാരമുള്ളതുമായ പ്രാഥമിക വിദ്യാഭ്യാസം.
3. കുട്ടികളുടെ പോഷാകാഹരക്കമ്മി പരിഹരിക്കൽ
4. ജനന മരണ നിരക്കുകളുടെ ശതമാനം വീണ്ടും കുറയ്ക്കുക.
5. സമ്പൂർണ ശുചിത്വ പദ്ധതി വിജയിപ്പിക്കുക.
6. കുടിവെള്ള പ്രശ്നം പൂർണ്ണമായും പരിഹരിക്കുക.
7. പാർപ്പിട പ്രശ്നം പരിഹരിക്കുക.

8. മുഴുവൻ ആദിവാസികൾക്കും ഭൂമി നല്കുക.

13. മുകളിൽ കൊടുത്ത നേട്ടങ്ങൾ സ്ഥായിയായി നിലനിർത്തുന്നതിന് നമ്മുടെ സംസ്ഥാനത്തിന്റെ കാർഷിക വ്യവസായ ഉല്പാദന അടിത്തറ ശക്തിപ്പെടുത്തിയേ തീരൂ. ഊർജ സ്വയം പര്യാപ്തതയും കൈവരിക്കണം. ഈ വികസന മുന്നേറ്റത്തിനെ ശക്തിപ്പെടുത്താൻ മാനവീയം സൃഷ്ടിക്കുന്ന പുതിയ സാംസ്കാരികാന്തരീക്ഷം സഹായകരമായിരിക്കും.

14. ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ച സ്ഥായിയായതു കൂടിയാവണം. ഇതിനു യോജ്യമായ പരിസ്ഥിതി അവബോധ നയവും രൂപപ്പെടുത്തണം.

ത്രിതല പഞ്ചായത്തുകളും ബന്ധപ്പെട്ട സർക്കാർ വകുപ്പുകളും, മാനവീയം ഒരു ടാർഗറ്റ് പിരീഡായെടുത്ത് മുകളിൽപ്പറഞ്ഞ എല്ലാ അടിസ്ഥാന പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കണം.

15. സ്ത്രീകളോടുള്ള വിവേചനം അവസാനിപ്പിക്കാനും അവരുടെ അവകാശങ്ങൾ സ്ഥാപിച്ചു കിട്ടാനുമായി, വനിതാക്കമ്മീഷൻ നിർദേശിച്ച ''ജനജാഗ്രതാസമിതികൾ'' എല്ലാ തലത്തിലും രൂപീകരിച്ചു പ്രവർത്തിക്കുക. പഞ്ചായത്ത് / മുനിസിപ്പാലിറ്റി തലങ്ങളിൽ സ്ത്രീകളുടെ ഇന്നത്തെ അവസ്ഥയെ സംബന്ധിച്ച് ഒരു സ്റ്റാറ്റസ് റിപ്പോർട്ടും ഇതിന്റെ ഭാഗമായി തയ്യാറാക്കപ്പെടണം. സാമ്പത്തിക പരാധീനതയാണ് സ്ത്രീകളുടെ പിന്നോക്കാവസ്ഥയ്ക്കു മുഖ്യനിദാനം. സാമ്പത്തിക പരാധീനതയും ദാരിദ്ര്യവും പരിഹരിക്കാനുള്ള മാർഗമാണ് സ്വാശ്രയത്തിലധിഷ്ഠിതമായ കുടുംബശ്രീ പരിപാടി. ഇതിനെ വ്യാപകമാക്കുകയും കർമ്മ ക്ഷമമാക്കുകയും ചെയ്യുക.

16. ദേശീയ യുവജനോത്സവം, ഇന്ത്യൻ ചരിത്ര കോൺഗ്രസ്സ് എന്നിവയും മാനവീയത്തിൻെറ കൂടി ഭാഗമായി നടത്താനാവും.

**7. സംഘാടനാസംവിധാനം**

1. സംസ്ഥാനതലം മുതൽ പഞ്ചായത്ത് - ഗ്രാമസഭാതലം വരെ വിപുലമായ സംഘടനാ സംവിധാനവും മോണിറ്ററിങ്ങും ആവശ്യമുള്ള ബ്രഹത്തായ

ഒരു തീവ്രയത്ന പരിപാടിയാണ് മാനവീയം കൾച്ചറൽ മിഷൻ. ഇതിന്നായി സംസ്ഥാന തലത്തിൽ ഗവർണർ, മുഖ്യമന്ത്രി എന്നിവർ മുഖ്യ രക്ഷാധികാരികളായി ഒരു ഉന്നതാധികാര മാർഗ നിർദ്ദേശക സമിതി രൂപീകരിക്കും. മുൻ മുഖ്യമന്ത്രിമാർ, ബഹു: നിയമസഭാ സ്പീക്കർ, മന്ത്രിമാർ, പ്രതിപക്ഷ നേതാവ് പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ എന്നിവർ മാർഗ നിർദേശക സമിതിയുടെ രക്ഷാധികാരികളായിരിക്കും. ഉന്നതാധികാര മാർഗ നിർദേശക സമിതിയിൽ എം.പി.മാർ, എം.എൽ.എ മാർ, സർവ്വകലാശാല വൈസ് ചാൻസലർമാർ, ജില്ലാ പഞ്ചായത്തു പ്രസിഡണ്ടുമാർ, കോർപ്പറേഷൻ മേയർമാർ, മറ്റു തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, ഗവ: സെക്രട്ടറിമാർ, സാമൂഹ്യ സംഘടനകളുടേയും സന്നദ്ധ സംഘടനകളുടേയും പ്രതിനിധികൾ, മാധ്യമങ്ങളുടെ പ്രതിനിധികൾ, പ്രശസ്ത വ്യക്തികൾ എന്നിവർ അംഗങ്ങളായിരിക്കും.

2. സംഘടനാ കമ്മിറ്റിയിൽ വനിതകൾക്കു പ്രത്യേക പ്രാതിനിധ്യം ആവശ്യമാണ്. സൗകര്യം പരിഗണിച്ച് പ്രസ്തുത കമ്മിറ്റിയിൽ വളരെ അധികം അംഗങ്ങൾ ഉണ്ടാവാതിരിക്കുകയാണ് നല്ലത്. മാനവീയം സാംസ്കാരിക മിഷൻ ലക്ഷ്യമാക്കുന്ന വിഭിന്ന മണ്ഡലങ്ങളിലെ പ്രവർത്തനങ്ങൾക്കു നേതൃത്വം നല്കുന്ന സംസ്ഥാന തല സബ്ക്കമ്മിറ്റി കൺവീനർമാരും ചെയർമാൻമാരും ഓർഗനൈസിങ്ങ് കമ്മിറ്റിയിലെ അനൗദ്യോഗിക അംഗങ്ങളായിരിക്കും.

3. സംസ്ഥാന തല സ്വാഗത സംഘം: സംസ്ഥാനത്തിൽ മാനവീയത്തിന്റെ നടത്തിപ്പിൽ പരമാവധി ജനവിഭാഗങ്ങളെ പങ്കെടുപ്പിക്കുന്നതിനു നേതൃത്വം നൽകാനായി വിപുലമായ സ്വാഗതസംഘം രൂപീകരിക്കുന്നതായിരിക്കും. കേരളത്തിലെ ത്രിതല പഞ്ചായത്ത് പ്രസിഡന്റുമാരും സ്റ്റാൻഡിങ്ങ് കമ്മിറ്റി അധ്യക്ഷന്മാരും. മുഴുവൻ ഇതിൽ അംഗങ്ങളായിരിക്കും. ട്രേഡ് യൂണിയനുകൾ സർവീസ് സംഘടനകൾ തുടങ്ങിയ പ്രതിനിധികളും ഉണ്ടാവും. സ്റ്റാൻഡിങ്ങ് കമ്മിറ്റി കൂടുതൽ അംഗങ്ങളെ ഇതിലേക്ക് നാമ നിർദ്ദേശം ചെയ്യുന്നതാണ്.

4. ഓർഗനൈസിങ്ങ് കമ്മിറ്റിക്കു കീഴിൽ മാനവീയം സാംസ്കാരിക മിഷന്റെ ദൈനംദിന പ്രവർത്തനങ്ങൾ നടപ്പാക്കാനുള്ള ഒരു ചെറിയ സമിതിയാണ് സ്റ്റാൻഡിങ്ങ് കമ്മിറ്റി. സാംസ്കാരിക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയാണ് സ്റ്റാൻഡിങ്ങ് കമ്മിറ്റി പ്രവർത്തനങ്ങളുടെ മൊത്തത്തിലുള്ള മേൽനോ

ട്ടം വഹിക്കുന്നത് റൂറൽ ഡവലപ്പ്മെന്റ് സെക്രട്ടറി ശ്രീ.ടി. ബാലകൃഷ്ണൻ സ്റ്റാൻഡിങ്ങ് കമ്മിറ്റി കൺവീനറും നോഡൽ ഓഫീസറുമാണ്. ഇവരെ കൂടാതെ വകുപ്പു സെക്രട്ടറിമാരും ഏതാനും അനൗദ്യോഗിക അംഗങ്ങളും സ്റ്റാൻഡിങ്ങ് കമ്മിറ്റി മെമ്പർമാരാണ്. ബഹു: സാംസ്കാരിക വകുപ്പു മന്ത്രിയാണ് ഈ കമ്മിറ്റിയുടെ അദ്ധ്യക്ഷൻ. അത്യാവശ്യമെന്നു തോന്നിയാൽ സ്റ്റാൻഡിങ്ങ് കമ്മിറ്റിയിലേയ്ക്കു ഏതാനും അംഗങ്ങളെക്കൂടി ഉൾപ്പെടുത്തുന്നതാണ്. മറുനാടൻ മലയാളി ഉപസമിതിയുടെ ആഭിമുഖ്യത്തിലും മാനവീയം മറുനാടുകളിൽ ആചരിക്കും.

5. സാംസ്ക്കാരിക രംഗത്തെ പ്രമുഖരെ ഉൾപ്പെടുത്തി ദേശീയ തല ഉപദേശക സമിതി രൂപവല്ക്കരിക്കുന്നതാണ്.


## 4. സബ്ക്കമ്മിറ്റികൾ:

മാനവീയം സാംസ്ക്കാരിക മിഷൻ വിഭാവനം ചെയ്യുന്ന അതി ബ്രഹത്തായ ലക്ഷ്യങ്ങൾ പരിപാടികളാക്കി മാറ്റുന്നതും പുതിയ മേഖലകൾ കണ്ടെത്തുന്നതും, സ്റ്റാൻഡിങ്ങ് കമ്മിറ്റി, ഓർഗനൈസിങ്ങ് കമ്മിറ്റി എന്നിവയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന സബ്ക്കമ്മിറ്റികളാണ്. സംസ്ഥാന വ്യാപകമായി നടത്താനുള്ള മൊത്തം പ്രവർത്തനങ്ങളെ 22 സബ് കമ്മിറ്റികളുടെ കീഴിൽ കൊണ്ടുവരാൻ ഇതിനകം കഴിഞ്ഞിട്ടുണ്ട്. ഓരോ സബ്ക്കമ്മിറ്റിക്കും ഒരു ചെയർമാനും ഒന്നോ അധികമോ വൈസ് ചെയർമാന്മാരും ഒരു കൺവീനറും ഒന്നിലധികം ജോയിന്റ് കൺവീനർമാരും ഉണ്ടായിരിക്കും. സബ്ക്കമ്മിറ്റികളുടെ ചെയർമാന്മാരും വൈസ് ചെയർമാന്മാരും ബന്ധപ്പെട്ട മേഖലകളിൽ വൈദഗ്ദ്ധ്യം തെളിയിച്ചവരാണ്. കൺവീനർ ഒരു ഔദ്യോഗികാംഗമായിരിക്കണമെന്നാണ് നിശ്ചയിച്ചിട്ടുള്ളത്. ഇവർക്കു പുറമെ ഓരോ സബ്ക്കമ്മിറ്റിയിലും അതതു മേഖലകളിൽ വൈദഗ്ദ്ധ്യമുള്ള അഞ്ചിൽ കുറയാതെ അംഗങ്ങളുണ്ടായിരിക്കണം. എന്തായാലും സബ്ക്കമ്മിറ്റി അംഗങ്ങളുടെ സംഖ്യ പത്തിൽ കൂടാതിരുന്നാൽ യോഗം ചേരാനും പരിപാടികൾ ആസൂത്രണം ചെയ്യാനും സൗകര്യമായിരിക്കും.


സംസ്ഥാന തലത്തിലുള്ള സബ്ക്കമ്മിറ്റികൾ താഴെപ്പറയുന്നവയാകുന്നു.

1. സാംസ്കാരിക വകുപ്പും അനുബന്ധ സ്ഥാപനങ്ങളും.
2. സിനിമ. 3. നാടൻ കലകൾ
4. സംഗീതം, നാടകം - കലാസമിതികൾ
5. സ്പോർട്ട്സ് & ഗെയിംസ് 6. ഗ്രന്ഥശാലകൾ

7. പ്രാദേശിക ചരിത്രം (ജില്ലാ ഗസറ്റിയർ)
8. മാ (പൈ) തൃക സംരക്ഷണം 9. വനിത.
10. തുടർ വിദ്യാഭ്യാസം. 11. പൊതു വിദ്യാഭ്യാസം.
12. ഉന്നത വിദ്യാഭ്യാസം.
13. കുട്ടികളുടെ സാംസ്കാരിക പരിപാടികൾ
14. സാഹിത്യം - പൊതുവിജ്ഞാനം.
15. സമ്പൂർണ ശുചിത്വവും കുടുംബശ്രീയും.
16. പ്രചാരണവും ഡോക്യുമെൻടേഷനും
17. ലളിത കലകൾ
18. പാരമ്പര്യ കലകൾ.
19. ടൂറിസം.
20. യുവജന വിദ്യാർത്ഥി ട്രേഡ് യൂണിയൻ രംഗം.
21. വികേന്ദ്രീകൃതാസൂത്രണ പരിപാടി.
22. പ്രത്യേക പരിപാടികൾ.



സംസ്ഥാന തലത്തിലുള്ള സംഘടനാ രൂപം താഴെ കാണും വിധം ചിത്രീകരിക്കാം.




മാനവീയത്തിനുള്ള മറുനാടൻ ഉപസമിതികൾ

ദൽഹി, കൽക്കത്ത, മംബൈ, ചെന്നൈ കോയമ്പത്തൂർ, ആഫ്രിക്ക, നോർത്ത് അമേരിക്ക, യൂറോപ്പ്, മദ്ധ്യപൂർവ്വേഷ്യ, കിഴക്കനേഷ്യ എന്നിവിടങ്ങളിലും മറ്റു മുഖ്യ കേന്ദ്രങ്ങളിലും സംഘടിപ്പിക്കണം.

## സംഘടനാ രൂപം - ജില്ലാ തലത്തിൽ

സംസ്ഥാന തലത്തിലുള്ള സംഘടനാ സംവിധാനം തന്നെ അല്പ സ്വല്പം വ്യത്യാസങ്ങളോടെ ജില്ലയിലും ആകാം. ജില്ലയിലെ ഉന്നതാധികാര സമിതിയുടെ അദ്ധ്യക്ഷൻ ജില്ല ആസൂത്രണ ബോർഡ് ചെയർമാനായിരിക്കും. കലക്ടർ ജനറൽ കൺവീനറുമായിരിക്കും. ഉന്നതാധികാര മാർഗ്ഗ നിർദേശക സമിതിയിൽ എല്ലാ വിഭാഗങ്ങളിൽ നിന്നുമുള്ള അംഗങ്ങൾ ഉണ്ടാവേണ്ടതാണ്. ഈ കമ്മറ്റിയുടെ കീഴിൽ ഒരു ഓർഗനൈസിംഗ് കമ്മറ്റി ഉണ്ടായിരിക്കണം. ഇതിന്റെ കൺവീനർ ജില്ലാ കലക്ടറായിരിക്കും. ജില്ലയിലെ സ്റ്റാൻഡിങ്ങ് കമ്മിറ്റിയുടെ കോ-ഓർഡിനേറ്റർ ഒരു ഡെപ്യൂട്ടി കളക്ടറും അതിലെ ജോയിന്റ് കോ-ഓർഡിനേറ്റർ ഒരു അനുദ്യോഗസ്ഥ അംഗവുമായിരിക്കും. വിദ്യാഭ്യാസ സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർമാൻ, കളക്ടർ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡണ്ട്, 3 അനൗദ്യോഗിക അംഗങ്ങൾ എന്നിവർ ജില്ലാ സ്റ്റാൻഡിങ്ങ് കമ്മിറ്റിയിൽ അംഗങ്ങളായിരിക്കണം. സബ്ക്കമ്മിറ്റികളുടെ എണ്ണം സംസ്ഥാന തലത്തിൽ 22 ആണെങ്കിലും, ജില്ലകൾക്ക് സാധ്യതയനുസരിച്ച് അതേ മാതൃക പിൻതുടരുകയോ, സമാന സ്വഭാവമുള്ള പ്രവർത്തന മേഖലകൾ യോജിപ്പിച്ച് അവയുടെ എണ്ണം 12 ആയി കുറയ്ക്കുകയോ ചെയ്യാം. കഴിവുള്ള ചെയർമാൻമാരേയും കൺവീനർമാരേയും കണ്ടെത്താൻ കഴിയാതെ, ആരെയെങ്കിലുമൊക്കെ ചുമതലയേല്പിച്ചാൽ സബ്ക്കമ്മിറ്റി പ്രവർത്തനം ഒരു ചടങ്ങായി മാറും. **അങ്ങനെ ആവാതിരിക്കാനാണ്, ആവശ്യമെങ്കിൽ ജില്ലാ തലത്തിൽ സബ്ക്കമ്മിറ്റികൾ 12 ആയി ചുരുക്കാമെന്നു നിർദ്ദേശിക്കുന്നത്.**

ജില്ലാ തലത്തിലെ സബ്ക്കമ്മിറ്റികളെ ആവശ്യമാണെന്നു കണ്ടാൽ താഴെ കാണും വിധം 12 ആയി പരിമിതപ്പെടുത്താം:-

1. സാംസ്കാരികം - നാടൻ കലകൾ, പാരമ്പര്യ കലകൾ, സംഗീതം, സാഹിത്യ വൈജ്ഞാനിക വിഭാഗം, നാടകം, കലാസമിതികൾ, ലളിത കലകൾ
2. വിദ്യാഭ്യാസം - ഉന്നത വിദ്യാഭ്യാസം, പൊതുവിദ്യാഭ്യാസം, കുട്ടികളുടെ സാംസ്കാരിക പ്രവർത്തനങ്ങൾ.
3. സിനിമ.
4. ഗ്രന്ഥശാലകൾ

5. വനിത

6. ഗസറ്റിയറും മാ(പൈ)തൃക സംരക്ഷണവും

7. പ്രചാരണം - ടൂറിസം, ഡോക്യുമെൻടേഷൻ

8. സ്പോർട്ട്സും ഗെയിംസും

9. വികേന്ദ്രീകൃതാസൂത്രണം, കുടുംബശ്രീ, സമ്പൂർണ ശുചിത്വം.

10. തുടർ വിദ്യാഭ്യാസം.

11. പ്രത്യേക പരിപാടികൾ

12. യുവജന വിദ്യാർത്ഥി വിഭാഗം.

## സംഘടനാ രൂപം / കോർപ്പറേഷൻ, മുനിസിപ്പാലിറ്റി തലത്തിലും ബ്ലോക്ക് ഗ്രാമപഞ്ചായത്തുകളിലും.

സ്ഥലം എം.എൽ.എ രക്ഷാധികാരിയും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് അദ്ധ്യക്ഷനും ആയ ഒരു മാർഗ നിർദേശകസമിതി ബ്ലോക്കടിസ്ഥാനത്തിൽ രൂപീകരിക്കണം. ബ്ലോക്കിലുള്ള എല്ലാ പഞ്ചായത്തു പ്രസിഡണ്ടുമാരും, റവന്യൂ വികസന വകുപ്പ് ഉദ്യോഗസ്ഥന്മാരും, വിവിധ ഡിപ്പാർട്ടുമെന്റുദ്യോഗസ്ഥന്മാരും, സ്കൂൾ ഹെഡ് മാസ്റ്റർമാരും, സഹകരണ സംഘം ഭാരവാഹികളും ഇതിൽ അംഗങ്ങളായിരിക്കണം. കൂടാതെ ബ്ലോക്ക് - ഗ്രാമ പഞ്ചായത്തുകളിൽ പ്രാതിനിധ്യമുള്ള എല്ലാ രാഷ്ട്രീയ കക്ഷികളുടേയും പ്രതിനിധികൾ, സാമൂഹ്യ സാംസ്കാരിക സംഘടനാ പ്രതിനിധികൾ, സർവ്വീസ് സംഘടനാ ട്രേഡ് യൂണിയൻ പ്രതിനിധികൾ, ഗ്രന്ഥശാലാ പ്രവർത്തകർ, വിദ്യാർത്ഥി സംഘടനാ പ്രതിനിധികൾ, കലാ സമിതികൾ, സ്പോർട്ട്സ് ക്ലബ്ബുകൾ, വനിതാ സമാജം, വനിതാ സംഘടനാ പ്രതിനിധികൾ, സാമുദായ സംഘടനാ ഭാരവാഹികൾ, സന്നദ്ധ സംഘടനകൾ തുടങ്ങി ബ്ലോക്കതിർത്തിയിലെ മുഴുവൻ ജനവിഭാഗത്തേയും സ്ഥാപനങ്ങളേയും സംഘടനകളേയും പ്രതിനിധീകരിക്കുന്നതായിരിക്കണം ബ്ലോക്ക് മാർഗ നിർദേശക സമിതി. ഈ സമിതിയിൽ നിന്നും തെരഞ്ഞെടുക്കുന്ന ഇരുപത്തൊന്നംഗങ്ങളുള്ള ഓർഗനൈസിങ്ങ് കമ്മിറ്റിയും വേണം. ഓർഗനൈസിങ്ങ് കമ്മിറ്റിയുടെ ചെയർമാൻ ബ്ലോക്കു പഞ്ചായത്തു പ്രസിഡണ്ടും, കൺവീനർ ബ്ലോക്കു പഞ്ചായത്തു സെക്രട്ടറിയുമായിരിക്കും. ബ്ലോക്കതിർത്തിയിലെ എല്ലാ പഞ്ചായത്തു പ്രസിഡണ്ടുമാരും സംഘാടക

സമിതി വൈസ് പ്രസിഡണ്ടുമാരായിരിക്കണം. ഇവരെക്കൂടാതെ, സന്നദ്ധ സംഘടനകരം, യുവജന സംഘടനകരം, ഗ്രന്ഥശാലാ ഭാരവാഹികരം, രാഷ്ട്രീയപ്പാർട്ടികളുടെ പ്രതിനിധികരം, വനിതാ പ്രതിനിധികരം എ.ഇ.ഒ മാർ / ഹെഡ്മാസ്റ്റർമാർ എന്നിവരും ഓർഗനൈസിങ്ങ് കമ്മിറ്റി അംഗങ്ങളായിരിക്കണം. യോഗം കൂടാനും, ചർച്ച ചെയ്ത് തീരുമാനങ്ങളെടുക്കാനുമുള്ള സൗകര്യം പരിഗണിച്ച് ഓർഗനൈസിങ്ങ് കമ്മിറ്റിയുടെ അംഗ സംഖ്യ 21 ആയി പരിമിതപ്പെടുത്തുകയാണ് നല്ലത്.

ഓർഗനൈസിങ്ങ് കമ്മിറ്റിയോടുത്തരവാദിത്വപ്പെട്ടുകൊണ്ട് 7 അംഗങ്ങളുള്ള ഒരു സ്റ്റാൻഡിങ്ങ് കമ്മിറ്റിയായിരിക്കും ബ്ലോക്കിലെ മാനവീയം പരിപാടികളുടെ ദൈനം ദിന പ്രവർത്തനങ്ങരംക്കു നേതൃത്വം നൽകുക. സ്റ്റാൻഡിങ്ങ് കമ്മിറ്റിയുടെ ചെയർമാൻ ബ്ലോക്കു പഞ്ചായത്തു പ്രസിഡണ്ടും ബി.ഡി.ഒ കൺവീനറുമായിരിക്കും. കൺവീനറെ സഹായിക്കാൻ പ്രാപ്തിയും സന്നദ്ധതയുമുള്ള രണ്ടു ജോയിന്റ് കൺവീനർമാരെ അനൗദ്യോഗിക അംഗങ്ങളിൽ നിന്നും നാമ നിർദേശം ചെയ്യാം. പഞ്ചായത്തു പ്രസിഡണ്ടുമാർ, യുവജന സംഘടനകരം, മഹിളാ സംഘടനകരം എന്നിവയുടെ പ്രതിനിധികളും ബ്ലോക്കു തല സ്റ്റാൻഡിങ്ങ് കമ്മിറ്റിയിൽ അംഗങ്ങളായിരിക്കണം.

ബ്ലോക്കിലെ സംഘടനാ രൂപം തന്നെ പഞ്ചായത്തിലും ആകാം. പഞ്ചായത്ത് പ്രസിഡണ്ടായിരിക്കും പഞ്ചായത്ത് മാർഗ നിർദേശകസമിതി, സംഘാടകസമിതി, സ്റ്റാൻഡിങ്ങ് കമ്മിറ്റി എന്നിവയുടെ അദ്ധ്യക്ഷൻ. പഞ്ചായത്ത് പ്രതിനിധികളും സാമൂഹ്യ സാംസ്കാരിക സംഘടനാ പ്രതിനിധികളുമടങ്ങുന്ന പഞ്ചായത്തു സ്റ്റാൻഡിങ്ങ് കമ്മിറ്റിയിൽ ഏഴംഗങ്ങരം മതി. ഈ കമ്മിറ്റിയായിരിക്കും മാനവീയം പരിപാടിയുടെ ദൈനം ദിന പ്രവർത്തനങ്ങരം പ്ലാൻ ചെയ്യുക. വിവിധ പ്രവർത്തനങ്ങരം പ്രത്യേകം രൂപ കല്പന ചെയ്തു നടപ്പാക്കുന്നതിനായി ബ്ലോക്കിലും പഞ്ചായത്തിലും വിവിധ സബ്ക്കമ്മിറ്റികരം രൂപീകരിക്കണം. ജില്ലാ തലത്തിലുള്ളതുപോലെ 12 സബ്ക്കമ്മിറ്റികരം ബ്ലോക്കിൽ രൂപീകരിക്കാം. എന്നാൽ പഞ്ചായത്തു തലത്തിൽ ഇതിനു സാധ്യതയില്ലെങ്കിൽ, താഴെക്കാണുംവിധം ആറു സബ്ക്കമ്മിറ്റികരം രൂപീകരിച്ചാലും മതി.

1. കലാ സാംസ്കാരിക കാര്യങ്ങരം
2. വിദ്യാഭ്യാസം യുവജനക്ഷേമം
3. ഗസറ്റിയർ (പ്രാദേശിക ചരിത്രം) മാ (പൈ)തൃക സംരക്ഷണം.
4. വികേന്ദ്രീകൃത ജനകീയാസൂത്രണം, കുടുംബശ്രീ - വനിത.

5. പ്രചാരണം - ടൂറിസം

6. പ്രത്യേക പരിപാടികൾ.

നഗര ഗ്രാമ സഭാതലത്തിൽ, വാർഡ് മെമ്പർ അദ്ധ്യക്ഷനായുള്ള ഒരു സംഘാടക സമിതിമാത്രം മതി. പതിനൊന്നംഗങ്ങളിൽക്കവിയാത്ത ഈ കമ്മിറ്റിയുടെ കൺവീനർ ഒരു സന്നദ്ധ സംഘടനാ പ്രവർത്തകനായിരിക്കണം.

ജില്ലാ - ബ്ലോക്ക് - ഗ്രാമ പഞ്ചായത്തുകൾ ഒക്ടോബർ മാസത്തിന്റെ ആദ്യ പകുതിയിൽത്തന്നെ വിവിധ കമ്മിറ്റികളും സബ്ക്കമ്മിറ്റികളും രൂപീകരിച്ച് വിവിധ മേഖലകളിൽ ആദ്യം നടപ്പു സാമ്പത്തിക വർഷത്തേക്കുള്ള മുഴുവൻ പരിപാടികളും രൂപകല്പന ചെയ്യണം. ഓരോ ഘടകത്തിന്റെയും ആഭിമുഖ്യത്തിൽ തനതു പരിപാടികളെന്ന നിലയിൽ ഓരോ ദിവസവും ഏതാനും പ്രവർത്തനങ്ങളെങ്കിലും നടക്കാവുന്ന വിധത്തിലായിരിക്കണം പരിപാടികൾക്കു രൂപം നല്കേണ്ടത്. ഇവ ജില്ലയുടെ / ബ്ലോക്കിന്റെ / ഗ്രാമ പഞ്ചായത്തിന്റെ അതിർത്തിയിലുള്ള ഏതു പ്രദേശത്തായാലും, ഏതു സംഘടനയുടെ / സ്ഥാപനത്തിന്റെ ആഭിമുഖ്യത്തിലായാലും കൊള്ളാം - പരിപാടി നടക്കണം. കൂടാതെ സംസ്ഥാന തലത്തിൽ രൂപം കൊടുക്കുന്ന പ്രത്യേക പരിപാടികളും ത്രിതല പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ഏറ്റെടുത്തു നടത്തേണ്ടതാകുന്നു. ജില്ലാ തലം മുതൽ ഗ്രാമസഭാ തലംവരെയുള്ള സംഘടനാ സംവിധാനം ഒക്ടോബർ 20 നകം പൂർത്തിയായിരിക്കണം. ബ്ലോക്ക് തലത്തിൽ ഒക്ടോബർ 15 നകവും പഞ്ചായത്ത് ഗ്രാമസഭാ തലങ്ങളിൽ ഒക്ടോബർ 20 നകവും മാനവീയം പരിപാടിയുടെ നടത്തിപ്പിനായി മേൽപ്പറഞ്ഞ രീതിയിലുള്ള സംഘടനാ സംവിധാനം ഉണ്ടായേ പറ്റൂ. **സംഘടനയില്ലാതെ പ്രവർത്തിക്കാനാവില്ല.**

## പ്രവർത്തനപരിപാടികളും സാമ്പത്തികവും.

കേന്ദ്ര സമിതിയുടെ ആഭിമുഖ്യത്തിൽ നടക്കുന്ന സംഘാടന മോണിറ്ററിങ്ങ് പ്രവർത്തനങ്ങൾക്കും പ്രത്യേക പരിപാടികൾക്കും സർക്കാരിൽ നിന്നനുവദിക്കുന്ന ഗ്രാന്റ് ഭാഗികമായി തികയും. ബാക്കി പണം സ്പോൺസർഷിപ്പ് വഴി കണ്ടെത്തണം. ജില്ലാ - ബ്ലോക്ക് - പഞ്ചായത്ത് - മുനിസിപ്പാലിറ്റി കോർപ്പറേഷൻ എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പൊതു മാർഗ രേഖയ്ക്കകത്തു നിന്നുകൊണ്ട് നടത്താനുദ്ദേശിക്കുന്ന പരിപാടികൾക്കും അവയുടെ തന

തായ പരിപാടികൾക്കും ഒമ്പതാം പദ്ധതിയുടെ നാലാം വർഷത്തേയ്ക്കുള്ള രേഖയിൽ മുൻകൂട്ടി തയ്യാറാക്കിയ പരിപാടികൾക്കനുസരിച്ച് പ്രോജക്ടറുകൾ തയ്യാറാക്കി പണം വകയിരുത്തണം. എന്നാൽ ഇതിനേക്കാൾ എത്രയോ വലിയ സംഖ്യ സ്പോൺസർഷിപ്പു വഴിയും സംഭാവനയായും സമാഹരിക്കാൻ കഴിയേണ്ടതാണ് - ഓരോ തലത്തിലും വിവിധ വിഭാഗം ജനങ്ങളുടെ സംഭാവനകളും സ്വീകരിക്കാം. മാനവീയമെന്നത് മുഴുവൻ ജനവിഭാഗങ്ങളുടേയും പരിപാടിയാണല്ലോ.

1. കേരളപ്പിറവി ദിനമായ നവമ്പർ ഒന്നാം തീയതി വൈകുന്നേരം നാലു മണിക്കാണ് മാനവീയം സാംസ്കാരിക മിഷന്റെ സംസ്ഥാനതല ഉൽഘാടനം ഏറ്റവും സമുചിതമായ രീതിയിൽ നടത്താനുദ്ദേശിക്കുന്നത് ഉൽഘാടന പരിപാടികൾ തത്സമയ പ്രക്ഷേപണം വഴി മുഴുവൻ കേരളീയർക്കും മറുനാടൻ മലയാളികൾക്കും കാണാനുള്ള പരിപാടികൾ ആവിഷ്കരിക്കുന്നുണ്ട്.

2. മാനവീയത്തോടനുബന്ധിച്ച് നവമ്പർ 1 മുതൽ 100 ദിവസത്തേയ്ക്കുള്ള അവരവരുടെ പരിപാടികൾ സംസ്ഥാന - ജില്ലാ - ബ്ലോക്ക് - ഗ്രാമ പഞ്ചായത്തുകളും ഇതര സംഘടനകളും സ്ഥാപനങ്ങളും കാലേക്കൂട്ടി ഒന്നാംഘട്ടമെന്ന നിലയിൽ തയ്യാറാക്കണം. ഓരോ പഞ്ചായത്തതിർത്തിയിലും ഓരോ മാസവും നാലഞ്ചു പരിപാടികൾ എങ്കിലും നടക്കുമെന്നുറപ്പുവരുത്തേണ്ടതുണ്ട്. അത് പഞ്ചായത്തിന്റെ നേരിട്ടുള്ള ഉത്തരവാദിത്വത്തിലോ പഞ്ചായത്തിലെ മറ്റ് വിദ്യാഭ്യാസ കലാ സ്ഥാപനങ്ങളിലോ ആവാം. വിദ്യാലയങ്ങളിൽ കുട്ടികളുടെ നാടകങ്ങൾ, ഗാനമേളകൾ എന്നിവ നടത്താനുള്ള പ്രോത്സാഹനം നല്കണം. ഇവ വ്യത്യസ്ത ദിവസങ്ങളിലായി ക്രമീകരിച്ചാൽ ഓരോ ജില്ലയിലും ഓരോ മാസവും എല്ലാ ദിവസവും ചില പരിപാടികൾ ഉറപ്പാക്കാനാവും.

3. സഞ്ചരിക്കുന്ന ചലച്ചിത്രോത്സവം ഈ കാലയളവിൽ ഓരോ ഗ്രാമവും സഞ്ചരിക്കുകയും ഉത്തമ സിനിമകൾ പ്രദർശിപ്പിക്കുകയും അതാതിടങ്ങളിൽ ചലച്ചിത്ര ക്ലബ്ബുകൾ രൂപീകരിക്കുകയും ചെയ്യും. ഇതുപോലെ സഞ്ചരിക്കുന്ന ചിത്ര ശില്പ കാർട്ടൂൺ പ്രദർശനങ്ങൾ, ലോകോത്തര സംഗീതജ്ഞരുടെ സൃഷ്ടികളുടെ അവതരണം തുടങ്ങിയവ ഗ്രാമങ്ങളിൽ കൂടി എത്തിക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതായിരിക്കും.

4. കടന്നുപോയ കാലഘട്ടത്തെപ്പറ്റിയും ഭാവിയിലെ കടമകളെപ്പറ്റിയും ഒരു ലക്ഷം പ്രഭാഷണങ്ങൾ വിവിധ തലത്തിൽ പതിനായിരക്കണക്കിന് പ്രസംഗകർ പങ്കെടുത്ത് നടത്തുവാനുദ്ദേശിക്കുന്നുണ്ട്. അവ ഓരോരുത്തരും എഴുതി തയ്യാറാക്കിയത് ശേഖരിക്കുമ്പോൾ വളരെ വലിയ ഒരു ആശയ ശേഖരമായിമാറും. പ്രസംഗകരുടേയും വിഷയങ്ങളുടേയും ലിസ്റ്റ് ഗ്രാമതലം മുതൽ തയ്യാറാക്കണം. ആരോഗ്യപരമായ സംവാദമാണ്, ഉപരിപ്ലവമായ സംഘർഷണങ്ങളും തരംതാണ തർക്കങ്ങളും അല്ല, ഇതിൻെറ ലക്ഷ്യം.

**4. നവമ്പർ 1 ന് സംസ്ഥാന തല ഉൽഘാടനത്തിനുശേഷം വൈകുന്നേരം 6 മണി മുതൽ 8 വരെ സകല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ആഭിമുഖ്യത്തിൽ അതാതിടത്തെ കലാ സാംസ്കാരിക പ്രതിഭകളെ പങ്കെടുപ്പിച്ചു കൊണ്ടുള്ള പരിപാടികൾ നടത്താവുന്നതാണ്.** സംസ്ഥാന തല ഉത്ഘാടനം തുടങ്ങുന്നതിനു മുമ്പ്, നവംമ്പർ - 1 ന് ഉച്ചയ്ക്കു 2.30 മുതൽ ത്രിതല പഞ്ചായത്തുകൾ, സ്കൂളുകൾ, കോളേജുകൾ, സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ ഓഫീസുകൾ, പൊതു സ്ഥലങ്ങൾ തുടങ്ങി ജനങ്ങൾക്ക് ഒത്തു ചേരാൻ കഴിയുന്നിടങ്ങളിലെല്ലാം 'മാനവീയ'ത്തെപ്പറ്റി സെമിനാർ നടത്തുകയും ഘട്ടങ്ങളായി ഏറ്റെടുത്തു നടത്താവുന്ന പരിപാടികളുടെ രൂപ രേഖ തയ്യാറാക്കുകയും ചെയ്യാവുന്നതാണ്. ഇതിന്റെ റിപ്പോർട്ട് എഴുതി തയ്യാറാക്കി കൺവീനറുടെ മേൽവിലാസം സഹിതം സംസ്ഥാന ഓഫീസിൽ അയച്ചു തരേണ്ടതാണ്. ഓരോ പരിപാടിയിലും പങ്കെടുക്കുന്നവരുടെ എണ്ണവും സ്ത്രീ പുരുഷന്മാർ എത്ര വീതമായിരുന്നു എന്നതും ഇതോടൊപ്പം അറിയിക്കേണ്ടതും മുഴുവൻ വിശദാംശങ്ങളും ഒരു ബുക്കിൽ രേഖപ്പെടുത്തി അതാതിടത്ത് സൂക്ഷിക്കേണ്ടതുമാണ്. അന്നേ ദിവസം തന്നെ തുടർന്നു വരുന്ന 100 ദിവസങ്ങളിലേയ്ക്കുള്ള പരിപാടികൾക്ക് മൂർത്ത രൂപം നല്കുകയും വേണം. നവമ്പർ അവസാനത്തോടെ അടുത്ത 100 ദിവസത്തെ പരിപാടികളുടെ കരട് തയ്യാറാക്കാൻ കഴിയണം.

2001 ജനുവരി 26 നാണ് മാനവീയം സാംസ്കാരിക മിഷൻ സമാപിക്കുക. അതുവരെയുള്ള മുഴുവൻ പ്രവർത്തനങ്ങളും നമുക്കിപ്പോൾ മുൻകൂട്ടി കാണാനോ നിശ്ചയിക്കാനോ കഴിയില്ല. സംഘാടക സമിതികൾ, സബ്ക്കമ്മിറ്റികൾ, വിദഗ്ദ്ധന്മാർ എന്നിവരുമായുള്ള ചർച്ചകളിൽ കൂടിയും നമ്മുടെ ആവശ്യബോധത്തിൽ കൂടിയും അവ ഉരുത്തിരിഞ്ഞു വരണം. നമ്മുടെ സാംസ്കാരികത്തനിമ സംരക്ഷിക്കുന്നതോടൊപ്പം ഇന്ത്യയുടേയും ലോകത്തിന്റേയും നല്ല

നല്ല കലാ സാംസ്കാരിക മാതൃകകളുമായി പരിചയപ്പെടാനും അവ സ്വായത്തമാക്കാനും നമുക്കീയവസരം ഉപയോഗിക്കാം. ജീവിതത്തിന്റെ എല്ലാ മേഖലകളേയും സ്പർശിക്കുന്ന ഒരു നവോത്ഥാനമാണ് മാനവീയത്തിന്റെ ലക്ഷ്യം.

ഏവരേയും സഹകരിപ്പിച്ചുകൊണ്ടും ഓരോരുത്തരും സാദ്ധ്യമായത്ര പ്രവർത്തിച്ചു കൊണ്ടും ചരിത്രത്തിൽ സ്ഥാനം പിടിക്കുന്ന മഹത്തായ ഒരു സാംസ്കാരിക - വികസന സംരംഭമായി ഇതിനെ വളർത്താൻ പുതിയ നിർദ്ദേശങ്ങളും, മാർഗ്ഗ നിർദ്ദേശക രേഖയ്ക്കു സുചിന്തിതമായ ഭേദഗതികളും മുന്നോട്ടു വയ്ക്കാൻ എല്ലാ കേരളീയരോടും സാംസ്കാരിക പ്രവർത്തകരോടും അഭ്യർത്ഥിക്കുന്നു.

32/483/99—3

PC Library & Research Center

PRINTED BY THE S.G.P. AT THE GOVERNMENT PRESS,
MANNANTHALA, THIRUVANANTHAPURAM–1999.

# മാനവീയം

## manaviyam

306.420
95483

സാംസ്കാരിക മിഷൻ
മാർഗ്ഗനിർദ്ദേശക രേഖ

Indic Digital Archive Foundation
gpura.org